File No.LSGD-EU1/329/2016-LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ശ്രീ.കെ.എം ബഷീർ, കോർപ്പറേഷൻ സെക്രട്ടറി, (റിട്ടയേഡ്) സസ്പെൻഷൻ കാലയളവ് ക്രമീകരണം-ഒ.പി (കെ.എ.റ്റി.) നമ്പർ 65/2017-ന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 21.05.2019 തീയതിയിലെ വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

**സ.ഉ.(സാധാ) നം.2789/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 07/12/2019

പരാമർശം:- 1 03.09.2016 തീയതിയിലെ സ.ഉ.(സാധാ.) നമ്പർ 2588/2016/ ത.സ്വ.ഭ.വ.

2 ഒ.പി. (കെ.എ.റ്റി.) നമ്പർ 65/2017-ന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 21.05.2019 തീയതിയിലെ വിധിന്യായം

**ഉത്തരവ്**

തൃശ്ശൂർ കോർപ്പറേഷൻ മേയർ, തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലർമാരായിരുന്ന അഡ്വ. എ.എസ്. രാമദാസൻ, ശ്രീ.അനൂപ് കരിപ്പാൽ, തൃശ്ശൂർ അരണാട്ടുകര നിവാസി ശ്രീ.അനൂപ് ഡേവിസ് എന്നിവർ സർക്കാരിന് സമർപ്പിച്ച ഹർജികൾ പരിഗണിച്ച് പരാമർശം ഒന്ന് പ്രകാരം തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയായിരുന്ന ശ്രീ.കെ.എം. ബഷീറിനെ 1960- ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10(1) (a ) പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി.

2. സസ്പെൻഷനിലായിരിക്കെ ശ്രീ കെ . എം ബഷീർ 30.11.2016 തീയതിയിൽ സർവ്വീസിൽ നിന്നും വിരമിക്കുകയുണ്ടായി. ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയോ കുറ്റാരോപണ മെമ്മോ നൽകുകയോ ചെയ്തിട്ടില്ല. സസ്പെഷൻ ഉത്തരവിനെതിരെ ശ്രീ.കെ.എം. ബഷീർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ. (ഇ.കെ.എം.) നമ്പർ 1399/2016- ലെ 08.11.2016 തീയതിയിലെ ഉത്തരവിൽ ടിയാന്റെ സസ്പെൻഷൻ കാലയളവ് എല്ലാ

ആനുകൂല്യങ്ങളോടും കൂടി ഡ്യൂട്ടിയായി പരിഗണിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ഈ ഉത്തരവിനെതിരെ സർക്കാർ ഫയൽ ചെയ്ത ഒ. പി (കെ.എ.റ്റി.) നമ്പർ 65/2017-ലെ പരാമർശം 2ലെ വിധിന്യായത്തിൽ ഇപ്രകാരം ഉത്തരവായി.

"We find force in this submission since it is for the Government to decide as to how the period of suspension has to be treated which will have an impact on the pension and other retiral benefits. We therefore make it clear that it is for the Government to take a final call in this regard on a representation if any filed by the respondent, within a period of two months after its preferment, of course with due advertence to the order impugned and other attendent circumstances. Needless to say that the respondent shallbe put on notice and heard before orders are finally passed as to how the ~~field~~ period of suspension has to be treated as directed above."

3. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.കെ.എം. ബഷീറിനെ 30.07.2019 തീയതിയിൽ നേരിൽ കേൾക്കുകയുണ്ടായി.

4.ശ്രീ കെ.എം. ബഷീറിനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തുവെങ്കിലും തനിക്ക് കുറ്റാരോപണ മെമ്മോ നൽകുകയോ, ശിക്ഷാ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ലായെന്നും 30.11.2016- തീയതിയിൽ സർവ്വീസിൽ നിന്നും പിരിഞ്ഞുവെന്നും, പെൻഷൻ, കമ്മ്യൂട്ടേഷൻ, ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടുണ്ടെന്നും ആയതിനാൽ 03.09.2016 മുതൽ 30.11.2016 വരെയുള്ള കാലയളവിലെ സബ്സിസ്റ്റൻസ് അലവൻസ് കഴിച്ച് ബാക്കിയുള്ള തുക കോടതി വിധികളുടെ അടിസ്ഥാനത്തിൽ അനുവദിച്ച് തരണമെന്നും വ്യാജരേഖ ചമച്ചതിന് കേന്ദ്ര ഏജൻസികളെകൊണ്ട് അന്വേഷണം നടത്തിക്കണമെന്നും ടിയാൻ അപേക്ഷിച്ചു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 30.11.2016-ന് സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ.കെ.എം.ബഷീറിന്റെ 03.09.2016 മുതൽ 30.11.2016 വരെയുള്ള സസ്പെൻഷൻ കാലയളവ് ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവനബത്ത തട്ടികിഴിച്ചുള്ള ശമ്പളവും ബത്തകളും ഉൾപ്പെടെ എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയിലുള്ള കാലയളവായി ക്രമീകരിച്ച് ഉത്തരവാകുന്നു.

6. ഇപ്രകാരം ഒ.പി (കെ.എ.റ്റി) നമ്പർ 65/2017-ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 21.05.2019 തീയതിയിലെ വിധിന്യായം നടപ്പാക്കികൊണ്ടും ഉത്തരവാകുന്നു.

File No.LSGD-EU1/329/2016-LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡീഷണൽ സെക്രട്ടറി

പകർപ്പ് -
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ശ്രീ.കെ.എം.ബഷീർ (നഗരകാര്യ ഡയറക്ടർ മുഖേന)
ധനകാര്യ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ